പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3890 15.05.2017 ലെ മറുപടി

**ഷൊർണ്ണൂർ മണ്ഡലത്തിൽ ജല അതോറിറ്റി നടത്തിവരുന്ന പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ശശി** | **മാത്യൂ ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) ഷൊർണ്ണൂർ മണ്ഡലത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഉപയോഗിച്ച് ജല അതോറിറ്റി നടത്തിവരുന്ന പ്രവൃത്തികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | എ) ഷൊർണ്ണൂർ മണ്ഡലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഉപയോഗിച്ച് ജല അതോറിറ്റി നടത്തിവരുന്ന പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ഷൊർണ്ണൂർ നഗരസഭാ പദ്ധതികളായ മേച്ചിലാത്ത്കുന്ന്, പന്തലാട്ടുപറമ്പ്, പി.വി.ജെ.ബി. കോളനി, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, എസ്.സി. കുടുംബങ്ങൾക്കുള്ളവ, പഴനിപറമ്പ്, മുല്ലയ്ക്കൽ കോളനി കുടിവെള്ള പദ്ധതി എന്നിവയുടെ പ്രവൃത്തികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എപ്പോൾ പണികൾ പൂർത്തീകരിക്കും എന്നും വ്യക്തമാക്കുമോ; | ബി) 1. മേച്ചിലാത്ത് കുന്ന് കുടിവള്ള പദ്ധതി- ആകെ അടങ്കൽ തുക 63 ലക്ഷം രൂപ. ഭാരതപ്പുഴയിലെ സംഭരണ കിണർ, പമ്പിങ് മെയിൻ, ഗ്യാലറി പമ്പ് ഹൗസ്, പമ്പ് സെറ്റ്, വൈദ്യുതി കണക്ഷൻ എന്നിവ പൂർത്തിയാക്കി നിലവിലുള്ള വിതരണശൃംഖലയുമായി ബന്ധിപ്പിച്ച് ജലവിതരണം നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായ സംഭരണി നിർമ്മിക്കുന്നതി നാവശ്യമായ തുകയും സ്ഥലവും ആവശ്യമാണ്.<br><br>2..പന്തലാട്ടുപറമ്പ് കുടിവള്ള പദ്ധതി-ഈ പദ്ധതിക്കായി 8 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കുളപ്പുള്ളി-ഒറ്റപ്പാലം റോഡിൽ നിന്ന് പൈപ്പ് ലൈൻ, 5000 ലിറ്റർ സംഭരണി സ്ഥാപിക്കുന്നതിനുള്ള പ്ലാറ്റ്ഫോം എന്നിവ പൂർത്തിയായി. സംഭരണി സ്ഥാപിക്കലും ലിങ്ക് ചെയ്യുന്ന പ്രവൃത്തിയും പൂർത്തിയാക്കാനുണ്ട്. 31.05.2017 നകം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.<br><br>3.പി.വി.ജെ.ബി. കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- 15 ലക്ഷം രൂപ – പൂർത്തിയായി.<br><br>4. പഴനിപ്പറമ്പ് കുടിവെള്ള പദ്ധതി – 14 ലക്ഷം രൂപ – പദ്ധതിക്കായി ആദ്യം കുഴിച്ച കുഴൽ കിണറിൽ ജലലഭ്യതയില്ലാത്തതിനാൽ നഗരസഭയുടെ 28.04.17 ലെ കത്തനുസരിച്ച് വീണ്ടും കുഴൽ കിണർ കുഴിക്കുന്നതിന് ദർഘാസ് വിളിച്ചിട്ടുണ്ട്. കുഴൽ കിണർ 15.06.2017-ന് പൂർത്തിയാകും. ജലലഭ്യതയനുസരിച്ച് ബാക്കി പ്രവൃത്തികൾ |

ദർഘാസ് വിളിക്കുന്നതാണ്.

5. മുല്ലയ്ക്കൽ കോളനി കുടിവെള്ള പദ്ധതി- 3.38 ലക്ഷം രൂപ — പണി പൂർത്തിയായി.

സി) മണ്ഡലത്തിലെ ജില്ലാപഞ്ചായത്ത് ഡെപ്പോസിറ്റ് പദ്ധതികൾ ഏതെല്ലാം: എത്ര തുക അനുവദിച്ചു; പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ്; പണികൾ എപ്പോൾ പൂർത്തീകരിക്കും എന്നും വ്യക്തമാക്കാമോ;

സി) 1. പോണാട് കുടിവെള്ള പദ്ധതി — 20 ലക്ഷം രൂപ — വാണിയംകുളം ജില്ലാ പഞ്ചായത്ത് ഈ പദ്ധതിക്ക് ഒന്നാം ഘട്ടമായി 2011 -2012 ൽ 10 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ആയതുപയോഗിച്ച് കിണർ, പമ്പ് ഹൗസ്, പമ്പ് സെറ്റ്, വൈദ്യുതി കണക്ഷൻ എന്നിവ പൂർത്തിയാക്കി. രണ്ടാം ഘട്ടമായി 2015-2016-ൽ 10 ലക്ഷം രൂപ കൂടി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പമ്പിങ് മെയിൻ 85% പൂർത്തിയായി. 31.05.2017 നകം പണികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. വെള്ളിയാട് കുടിവെള്ള പദ്ധതി വിപുലീകരണം — 10 ലക്ഷം രൂപ : 2016-17 ൽ 10 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ജൂലൈ 31 നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഡി) മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഏതെല്ലാം; എത്ര തുക അനുവദിച്ചിട്ടുണ്ട്; പണികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എപ്പോൾ പൂർത്തീകരിക്കും എന്നും വ്യക്തമാക്കുമോ;

ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് -6.83 ലക്ഷം രൂപ — തൃക്കടീരി ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് ഉപയോഗിച്ച് വടക്കേക്കര — മലയറുകിൽ കോളനി കുടിവെള്ളപദ്ധതിക്കായി കുഴൽ കിണർ ഇതിനകം പൂർത്തിയാക്കി. പമ്പ് ഹൗസ്, പൈപ്പ് ലൈൻ, സംഭരണി എന്നിവയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പമ്പ് സെററ് ദർഘാസ് വിളിച്ചിട്ടുണ്ട്. 15.6.2017 നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇ) കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷന്റെ നവീകരണ പ്രക്രിയ ഏതു ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഡി) നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൈപ്പുകൾ 2013-14 ൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 2009-10 ൽ അനുമതി ലഭിച്ച് മിർപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി മോട്ടോറുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 4 മോട്ടോറുകൾ പ്രവർത്തന സജ്ജമാണ്. പ്രസ്തുത പദ്ധതിയുടെ മെയിൻ കനാലിന്റെ അവസാനഭാഗം 750 മീ. മണ്ണ് വീണ് നികന്നു പോയത് മാറ്റി വെള്ളം എത്തിക്കാനുള്ള അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

Renuka Sankar

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള വാട്ടർ അതോറിറ്റി

## പി.എച്ച്. ഡിവിഷൻ, ഷൊർണ്ണൂർ

## ഷൊർണ്ണൂർ നഗരസഭ ഡെപ്പോസിറ്റ് ഉപയോഗിച്ച് നടത്തിവരുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് തുക (ലക്ഷം) |
|---|---|---|
| 1 | മേച്ചിരാത്ത്കുന്നത്ത് കുടിവെള്ള പദ്ധതി (എസ്.സി) പ്രൊജക്ട് നമ്പർ 218/15 പ്രകാരം 25 ലക്ഷം രൂപയും പ്രോജക്ട് നമ്പർ 272/15 പ്രകാരം 21.85 ലക്ഷം രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. | 46.85 |
| 2 | പന്തലാട്ട് കുന്ന് കുടിവെള്ള പദ്ധതി (എസ്.സി) - 2015 | 8.00 |
| 3 | എരുമത്തടം എസ്.സി. കോളനി കുടിവെള്ള പദ്ധതി - 2015 | 15.00 |
| 4 | പഴനി പറമ്പ് കുടിവെള്ള പദ്ധതി 2015 - | 14.00 |
| 5 | എസ്.സി കുടിവെള്ള കണക്ഷൻ 28 എണ്ണം - 2015-16 | 2.48 |
| 6 | നെച്ചിക്കോട് ബോർ വെൽ വാർഡ് 8 - നെച്ചിക്കോട് | 1.00 |
| 7 | നെച്ചിക്കോട് കുടിവെള്ള പദ്ധതി സംഭരണി പൈപ്പ് ലൈൻ - 2.31 ലക്ഷം | 2.31 |
| 8 | വാർഡ് 14 കല്ലിപ്പാടം കുഴൽകിണർ, പമ്പ് സെറ്റ്, പമ്പ് ഹൗസ് | 3.19 |
| 9 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് -1 കണയം 2016 - 17 | 3.99 |
| 10 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് -21 & 32 2016 - 17 | 2.31 |
| 11 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് -30 & 33 2016 - 17 | 1.47 |

## ചെർപ്പുളശ്ശേരി നഗരസഭ ഡെപ്പോസിറ്റ് ഉപയോഗിച്ച് നടത്തിവരുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് തുക (ലക്ഷം) |
|---|---|---|
| 1 | ചെർപ്പുളശ്ശേരി നഗരസഭ - കെ.പി.ഐ.പി നിലവിലുള്ള കുഴൽ കിണർ പമ്പ് സ്ഥാപിച്ച് ലിങ്ക് ചെയ്യുന്ന പ്രവൃത്തി 2016-17 | 8.00 |
| 2 | ചെർപ്പുളശ്ശേരി നഗരസഭ - കുടിവെള്ള പദ്ധതി റിനോവേഷൻ | 2.00 |
| 3 | ചെർപ്പുളശ്ശേരി നഗരസഭ - കുന്നംപുറം പൈപ്പ് ലൈൻ | 1.10 |

## ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് ഉപയോഗിച്ച് നടത്തിവരുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് തുക (ലക്ഷം) |
|---|---|---|
| 1 | പോണാട് കുടിവെള്ള പദ്ധതി വാണിയംകുളം | 20.00 |
| 2 | വെള്ളിയാട് കുടിവെള്ള പദ്ധതി വിപുലീകരണം 2016-17 | 10.00 |

## ഗ്രാമ പഞ്ചായത്ത് ഡെപ്പോസിറ്റ് ഉപയോഗിച്ച് നടത്തിവരുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് തുക (ലക്ഷം) |
|---|---|---|
| 1 | തൃക്കടീരി വടക്കേക്കര മലയരുകിൽ കോളനി - കുടിവെള്ള പദ്ധതി | 6.83 |

Renuka Sankar
സെക്ഷൻ ഓഫീസർ